# കളർ പെൻസിൽ








## സെന്റ് മേരീസ് ഹൈസ്കൂൾ
## കടുമേനി



# ആശംസ

കടുമേനി സെന്റ്.മേരിസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളായ കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് മികച്ച പരിശീലനം ലഭിക്കുന്നുണ്ട് . ഒപ്പം മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നേറുന്ന പ്രിയപ്പെട്ടവർക്ക് അഭിനന്ദനങ്ങൾ...

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് ഹൃദ്യമായ ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,
ജോസി മാത്യു
ഹെഡ്മാസ്റ്റർ .



# എഡിറ്റോറിയൽ

ഇത് ഞങ്ങളുടെ ആത്മാവിന്റെ തുടിപ്പുകൾ ....
ഹൃദയത്തിന്റെ സംഗീതം ...മനസ്സിന്റെ ഉള്ളറകളിൽ അമർത്തിവെച്ച ജീവിതാനുഭവങ്ങൾ .....കണ്ടും, കേട്ടും,വായിച്ചും അനുഭവിച്ചറിഞ്ഞ ലോകബോധം അക്ഷരനക്ഷത്രങ്ങളായ്.വാക്കുകളും ശൈലികളും രൂപപ്പെടാനും രചനാശേഷി പരിപോഷിപ്പിക്കുവാനും സഹായമായ സൃഷ്ടികൾ. വിദ്യാർത്ഥികളെ സംസ്കാര സമ്പന്നരാക്കിമാറ്റാനും ഈ സൃഷ്ടികൾ വഴി സാധിച്ചിരിക്കുന്നു. കടുമേനി സെന്റ് മേരിസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ അറിവിന്റെ വഴികളിലൂടെയുള്ള യാത്രയിൽ നിന്നും ആർജ്ജിച്ചെടുത്ത ഏതാനും സൃഷ്ടികൾ, അതും ഡിജിറ്റൽ മാസികയായി അവതരിപ്പിക്കുന്നു.
കളർ പെൻസിൽ നിങ്ങൾക്കായി സമർപ്പിക്കുന്നു....



ചീഫ് എഡിറ്റർ,
ഇവാന മരിയ ബിനോയ് .



# എഡിറ്റോറിയൽ ബോർഡ്



ഇവാന മരിയ ബിനോയ്



ആൽഡ്രിൻ പോൾ സജി



എൻ.ടി കീർത്തന നായർ



ജോർജിയോ ജിൻസ്



ആഞ്ജലീന മേരി

# അകത്താളിൽ


എന്റെ വിദ്യാലയം ........................................ 6

പാലക്കാട്ടേക്ക് ഒരു തീവണ്ടി യാത്ര ........ 7

ചിത്രപ്പൂര ........................................................... 9

നാളേയ്ക്കായ്........................................................ 10

പെണ്ണെഴുത്ത് .................................................... 11

അവൾ.................................................................. 12

വികൃതി ............................................................. 13

ഊട്ടിയിലേക്കൊരു യാത്ര ............................ 15




# എന്റെ വിദ്യാലയം

കവിത



വിദ്യയാൽ സമൃദ്ധമായൊരെൻ
വിദ്യാലയം,സ്നേഹസാഗരമാകു-
ന്നൊരദ്ധ്യാപനം.
സമൃദ്ധമാം സൗഹൃദം ഒത്തു-
ചേരുന്നതാണീ വിദ്യാലയം
പങ്കുവെക്കാൻ പഠിപ്പിച്ച
അധ്യാപകരുടെ വിദ്യാലയം.
ഓർമ്മകൾ ഓടികളിക്കുമീ
സ്നേഹമാം വിദ്യാലയം.
പുസ്തക താളുകൾ കണ്ടു-
ണരുമീ വിദ്യാലയം.
വിടപറയാനാഗ്രഹിക്കാതെ
പടിയിറങ്ങുമീ വിദ്യാർത്ഥികൾ
വിദ്യയാൽ സമൃദ്ധമായൊരെൻ
വിദ്യാലയം.




സോന എലിസബത്ത്
X B

# പാലക്കാട്ടേക്കൊരു തീവണ്ടിയാത്ര

കഥ

വെളുപ്പിന് നാലുമണിയോടെ ഞാൻ പയ്യന്നൂർ റെയിൽവെ സ്റ്റേഷനിൽ നിന്നും പാലക്കാട്ടേക്കുള്ള തീവണ്ടിയിൽ കയറിപ്പറ്റി.പതിവുള്ള പാൽ ചായ ഞാൻ വിട്ടുകളഞ്ഞില്ല. പുറത്ത് കുറെ നല്ല നല്ല കാഴ്ച്ചകൾ, കണ്ണുകൾക്ക് കുളിര് നൽകുന്ന കൂടെ മനസ്സിനും.അത്യാവശ്യം നല്ല തിരക്കുണ്ടായിരുന്നു. നേരം പുലർന്നപ്പോഴേക്കും വിവിധതരം തൊഴിലുകൾ ചെയ്യുന്ന കുറെയധികം മനുഷ്യർ.എന്നെ തൊട്ടിരുന്ന ഒരു സ്ത്രീ ആദ്യമാദ്യം എൻെറ ചോദ്യങ്ങൾക്ക് കൊച്ചു കൊച്ചു ഉത്തരങ്ങൾ നൽകി എന്നെ സമാധാനിപ്പിച്ചു.

' എങ്ങോട്ടാണ് നിങ്ങളുടെ യാത്ര?' എന്ന എൻെറ ചോദ്യത്തിന് വളരെ വലിയ ഒരു ജീവിതകഥക്ക് ഞാൻ സാക്ഷ്യം പറയേണ്ടി വന്നു.സ്ത്രീയുടെ കഥ ഇങ്ങനെയാണ്.. പേര് സീത. മഞ്ചേശ്വരംകാരിയാണ്. രണ്ടു വർഷം കടന്നിരിക്കുന്നു അവളുടെ വിവാഹം കഴിഞ്ഞിട്ട്.വിവാഹശേഷം ഏതൊരു





പെൺകുട്ടിയും പ്രതീക്ഷിക്കുന്നതു പോലെയേ ഇവളും ആഗ്രഹിച്ചൊള്ളൂ.പക്ഷേ തൻെറ സ്വപ്നങ്ങൾക്ക് മുള്ളുവേലികെട്ടിയവനാണ് സീതയുടെ ഭർത്താവ്. വിവാഹം കഴിഞ്ഞ അന്ന് മുതൽ തുടങ്ങിയതാണ് സീതക്ക് നേരെയുള്ള അയാളുടെ ക്രൂരമർദ്ദനങ്ങൾ.ചില ദിവസങ്ങളിലെ തല്ലിൻെറ കാരണം സീതയ്ക്ക് ഏതോ ജാരനുണ്ടെന്ന് പറഞ്ഞാണ്.കഴിഞ്ഞ ഒരു മൂന്നാഴ്ച്ച മുൻപ് അയാൾ ഒരു ദീർഘയാത്രക്ക് ശേഷം തിരികെ വന്നത് ഞെട്ടിക്കുന്ന ഒരു വാർത്തയുമായിട്ടാണ്. അയാൾക്ക് നാട്ടിലെവിടെയോ മറ്റൊരു കുടുംബമുണ്ടെന്നും സീത ദയവായി ഈ ഡിവോഴ്സ് പെറ്റീഷനിൽ ഒപ്പ് വെയ്ക്കണമെന്നുമാണ്.ഇത് കേട്ട ഉടൻ സീത തൻെറ സ്വന്തം വീട്ടിലേക്ക് വിളിച്ച് കാര്യങ്ങൾ അവതരിപ്പിച്ചു. അവരുടെ പ്രതികരണം അവൾക്ക് താങ്ങാൻ കഴിഞ്ഞില്ല.

"നിന്നെ വിവാഹം കഴിച്ച് വിട്ടതാണെങ്കിൽ അവിടെ എങ്ങനെ എങ്കിലും പിടിച്ച് നിൽക്ക് മോളെ "എന്ന്. സീത ചില കാര്യങ്ങൾ മനസ്സിലുറപ്പിച്ചു.അങ്ങനെ അവൾ ആ ക്രൂരന് ഡിവോഴ്സ് നൽകി.

പിന്നീട് തൻെറ ജീവിത സ്വപ്നത്തിൻെറ ചിറകുകൾ തേടിയാണ് അവൾ പാലക്കാട്ടേക്കുള്ള ആ തീവണ്ടിയിൽ കയറിയത്. പെട്ടെന്ന് എൻെറ പേര് ആരോ ഉച്ചരിച്ചതു പോലെ ഞാൻ പതിയെ കണ്ണുകൾ തുറന്നു.കിടക്കയിലിരുന്ന് എന്നും പ്രാർത്ഥിക്കുന്നതുപോലെ ഇന്നും പ്രാർത്ഥിച്ചു. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ നീ തടയണെ.കൂടാതെ ഞാനൊരു പരാതിയും അർപ്പിച്ചു.വളരെ നല്ല സ്വപ്നം. പക്ഷെ തീവണ്ടിയാത്രയിലുടനീളമുള്ള കാഴ്ച്ചകൾക്കെന്തേ നിറം മങ്ങിയിരുന്നത്.




ആവണി സതീശൻ

IX B





# ചിത്രപ്പുര







എൻ.ടി കീർത്തന നായർ

IX B

# നാളേയ്ക്കായ്

കവിത

വെളിച്ചമേകണം ഇരുളകറ്റണം പ്രകാശ
ധാരയായ് പകർന്നു നൽകണം
സ്നേഹമാകണം സ്നേഹിച്ചീടണം
സന്മനസ്സിനുടമയാകണം
അറിവുപകരണം തിരിച്ചറിയണം
തിരിച്ചറിഞ്ഞു കൊണ്ടഭയമേകണം
തിന്മ മാറ്റണം നന്മയേകണം
നല്ല മനസ്സുകൾക്കുടമയാകണം
വിരിഞ്ഞു നിൽക്കണം സൗരഭമേകണം
മനുഷ്യ മനസ്സുകൾക്കു കുളിർമയേകണം.





നിയാ മാത്യു
IX B





# പെണ്ണെഴുത്ത്

ലേഖനം

പെണ്ണ് എന്ന് കേട്ടാൽ മുഖം തിരിക്കുന്ന ഒരു വിഭാഗം ആളുകൾ മുൻപ് ഉണ്ടായിരുന്നു. ആദ്യം ജനിക്കുന്നത് പെൺകുട്ടിയാണെങ്കിൽ അത് മോശമാണെന്ന് വിചാരിക്കുന്ന അന്ധവിശ്വാസമുള്ളവർ ഇപ്പോഴും ഉണ്ട്. ഒരു പെൺകുട്ടി ജനിക്കുന്നത് മുതൽ
മരണം വരെ അനുഭവിക്കുന്ന വേദനകൾ ഒരുപാടാണ്. പലപ്പോഴും ആണായി ജീവിച്ചാൽ മതിയെന്ന് എല്ലാ പെൺകുട്ടികളും ഒരിക്കലെങ്കിലും ആഗ്രഹിക്കുന്നതാണ്. ജനനം മുതൽ മരണം വരെ നിബന്ധനകൾ എന്ന ജയിലിനുള്ളിൽ തളയ്ക്കപ്പെട്ടവളാണ് സ്ത്രീ.സ്ത്രീ എന്നാൽ ഒരു പ്രായം വരെ വീട്ടുകാരുടെ കൂടെയും അത് കഴിഞ്ഞാൽ പറിച്ച് നടുന്ന ഒരു ചെടിയെപ്പോലെ മറ്റൊരു വീട്ടിലേക്ക് പോകുന്നവളുമാണ്.

ഇക്കാലത്ത് കൂടുതലായി കണ്ടുവരുന്ന ഒന്നാണ് സ്ത്രീധനത്തിന്റെ പേരിലുള്ള ഗാർഹിക പീഡനങ്ങളും ആത്മഹത്യകളും കൊലപാതകങ്ങളും പണ്ടെല്ലാം ഇതൊരു വിരളമായ വാർത്തയായിരുന്നെങ്കിൽ ഇക്കാലത്ത് ധാരാളമായി കേൾക്കുന്ന വാർത്തകളാണ് ഇതെല്ലാം.സ്ത്രീധനത്തിന് വേണ്ടിമാത്രം വിവാഹം വരെ കഴിക്കുകയും സ്ത്രീധനത്തിന്റെ പേരിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും അവളെ ഉപദ്രവിക്കുകയും പിന്നീട് അവളെ മരണത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.

സ്ത്രീ തന്നെയാണ് ധനം എന്നത് ആൾക്കാർ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഇപ്പോൾ കുറച്ച് കാലമായി സ്ത്രീധനത്തിനോടുള്ള ജനങ്ങളുടെ കാഴ്ച്ചപ്പാട് മാറിവരുന്നത് ആയി നമ്മുക്ക് കാണാം.സ്ത്രീധനം നിരോതിക്കുന്നതിലൂടെ ഒരുപാട് ആത്മഹത്യകൾ കുറഞ്ഞു. ഇത് സ്ത്രീകളുടെ സുരക്ഷാദൗത്യത്തിനും സ്ത്രീധനത്തിന് എതിരെയുള്ള നല്ലൊരു മുന്നേറ്റമാണ്.



നാജിദ പി

IX B



# അവൾ

കവിത



കുപ്പിവളപോൽ
കിലുകിലെന്നിരുന്നവൾ
ഇന്ന് നിശബ്ദയായ്
സൂര്യകാന്തിപോൽ
പ്രകാശിച്ചവൾ ഇന്ന്
നാലുചുവരിൻ
ഇരുട്ടിൽ ഒളിക്കയായ്
അവളെന്തിനീ ശബ്ദത്തെ
ഭയക്കുന്നു?
അവളെന്തിനീ വെളിച്ചത്തിൽ
നിന്നൊളിക്കുന്നു?
എന്തിനവളിങ്ങനെ മാറി....
ആരവളെയിങ്ങനെ
മാറ്റി....



ജുമാന കെ.ജെ

IX B




# വികൃതി

കഥ

എന്നത്തെയും പോലെ സ്കൂളിൽ പ്രാർത്ഥനയ്ക്കുള്ള മണി അടിച്ചു.കുട്ടികളെല്ലാവരും എഴുന്നേറ്റു നിന്നു.പ്രാർത്ഥന കഴിഞ്ഞപ്പോൾ നാലാം ക്ലാസിലെ കുട്ടികളെല്ലാവരും തങ്ങളുടെ പുതിയ ടീച്ചർ ആരായിരിക്കുമെന്ന് ചിന്തിച്ചു കൊണ്ട് ടീച്ചർ വരുന്നതും കാത്ത് ആകാംക്ഷയിൽ ഇരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ നീല സാരിയുടുത്ത് സുന്ദരിയായ ഒരു ടീച്ചർ അവരുടെ ക്ലാസിലേക്ക് കയറി വന്നു. എല്ലാവരും എഴുന്നേറ്റ് നിന്ന് അവരുടെ പുതിയ ടീച്ചറിനെ സ്വാഗതം ചെയ്തു.ടീച്ചർ ക്ലാസിൻെറ നടുവിലായി വന്നു നിന്ന് സ്വയം പരിചയപ്പെടുത്തി പിന്നെ കുട്ടികളെ ഓരോരുത്തരുമായി പരിചയപ്പെട്ടു.കുട്ടികൾക്കെല്ലാം അവരുടെ പുതിയ ടീച്ചറിനെ വളരെയധികം ഇഷടപ്പെട്ടു.ടീച്ചർ ഹാജർ പട്ടികയെടുത്ത് ഹാജർ വിളിച്ചു.അന്നേദിവസം എല്ലാവരും ഉണ്ടായിരുന്നു.'വികൃതി'ഒഴികെ! ടീച്ചർ ഫാസിലിൻെറ പേര് വിളിച്ചു.മറുപടിയില്ല ടീച്ചർ വീണ്ടും വീണ്ടും പേര് വിളിച്ചു.അപ്പോൾ മറ്റൊരു കുട്ടി പറഞ്ഞു,ടീച്ചർ വികൃതി വന്നിട്ടില്ല.ഇത് കേട്ട ടീച്ചർ അത്ഭുതത്തോടെ

ചോദിച്ചു “വികൃതിയോ” അപ്പോൾ മറ്റൊരു കുട്ടി പറഞ്ഞു അതേ ടീച്ചർ വികൃതി,അവൻ തോന്നുമ്പോൾ കയറി വരും തോന്നുമ്പോൾ ഇറങ്ങിപ്പോകും ആര് പറഞ്ഞാലും അവൻ ഒന്നും അനുസരിക്കില്ല അതുകൊണ്ട് അവനെ വികൃതി എന്നാണ് വിളിക്കുന്നത്. ടീച്ചർ ഒന്നും പറഞ്ഞില്ല! ചിരിക്കുക മാത്രം ചെയ്തു, എന്നിട്ട് കുട്ടികളോടെല്ലാം അവർക്കറിയാവുന്ന ഏതെങ്കിലും പാട്ട് പാടാൻ പറഞ്ഞു കുട്ടികളെല്ലാവരും വളരെ ആവേശത്തോടെ പാട്ട് പാടാൻ തുടങ്ങി.കുറച്ച് സമയം കഴിഞ്ഞ് ഒരു കുട്ടി ക്ലാസിലേക്ക് വന്ന് ഒരു മൂലയിൽ ഇരിക്കുന്നതായി കണ്ടു.ടീച്ചർ ക്ലാസ് നിശബ്ദമാക്കി ആ കുട്ടിയുടെ അടുത്തേക്ക് വന്ന് അവൻെറ പേര് ചോദിച്ചു, അവൻ



ഒന്നും മിണ്ടിയില്ല,ടീച്ചർ വീണ്ടും ചോദിച്ചപ്പോൾ അവൻ ദേഷ്യപ്പെട്ടു , “നിങ്ങളാരാ,നിങ്ങളാരാ? നിങ്ങൾക്കെന്താ വേണ്ടത്? എൻെറ പേരറിഞ്ഞിട്ട് നിങ്ങൾക്കെന്താ വേണ്ടത്? എൻെറ പേര് അറിഞ്ഞിട്ട് നിങ്ങൾക്കെന്താ കിട്ടുന്നേ? ക്ലാസ്സിലെ കുട്ടികൾ ടീച്ചറിനെ തന്നെ നോക്കി നിന്നു അവർ വിചാരിച്ചു ടീച്ചർ അവനെ വഴക്ക് പറയുകയോ ക്ലാസ്സിന് പുറത്ത് നിർത്തുകയോ ചെയ്യുമെന്ന്.പക്ഷെ ടീച്ചർ ഒന്നും പറഞ്ഞില്ല പകരം അവനെ നോക്കി ഒന്ന് പുഞ്ചിരിച്ച് ബാക്കിയുള്ളവരോടെല്ലാം പാട്ട് പാടുന്നത് തുടരാൻ പറഞ്ഞു .കുട്ടികൾ ആരും ഇത് പ്രതിക്ഷിച്ചിരുന്നില്ല. അടുത്ത വിഷയത്തിനുള്ള മണിയടിച്ചു കുട്ടികൾ മനസ്സില്ല മനസോടെ ടീച്ചറിനെ പറഞ്ഞയച്ചു.

ഉച്ച ഭക്ഷണത്തിനുള്ള സമയമായി എല്ലാവരും അവരവരുടെ ഭക്ഷണമെടുത്ത് ആൽമരച്ചുവട്ടിലേക്ക് ഓടി. എന്നാൽ ഫാസിൽ ബഞ്ചിൽ

കിടന്ന്
ഉറങ്ങുകയായിരുന്നു.അവനെ ആരും ഉണർത്തിയിരുന്നില്ല.ടീച്ചർ വന്ന് നോക്കുമ്പോൾ ഫാസിൽ അവിടെ കിടന്നുറങ്ങുന്നത് കണ്ടു. ടീച്ചർ അവൻെറ മുടി യിൽ തടവിക്കൊണ്ട് പറഞ്ഞു മോനെ എഴുന്നേൽക്ക് ഇതുകേട്ട് ഫാസിൽ ഞെട്ടി എഴുന്നേറ്റ് കൊണ്ട് “ഉമ്മാ,ഉമ്മാ” എന്ന് വിളിച്ച് കരയാൻ തുടങ്ങി.അപ്പോൾ ടീച്ചർ അവനെ ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു“മോനെ ടീച്ചറാണ് വിളിച്ചത് ഉമ്മയല്ല അവൻ കരച്ചിൽ നിർത്തിയതേയില്ല,ടീച്ചർ അവനോട് എന്തിനാണ് കരയുന്നത് എന്ന് ചോദിച്ചപ്പോൾ അവൻ പറഞ്ഞു,എൻെറ ഉമ്മ എനിക്ക് രണ്ടു വയസ്സുള്ളപ്പോൾ മരിച്ചു, അതിനു ശേഷം എന്നേ ആരും ഇതുവരെ 'മോനെ' എന്നു വിളിച്ചിട്ടില്ല”.ടീച്ചർ അവൻെറ കണ്ണുനീർ തുടച്ചുകൊണ്ട് ചോദിച്ചു 'മോൻ ' ഭക്ഷണം കഴിക്കുന്നില്ലേ? ഞാൻ ഭക്ഷണം ഒന്നും കൊണ്ടുവന്നിട്ടില്ല.അവൻ പറഞ്ഞു.സാരമില്ല ടീച്ചർ മോന് ഭക്ഷണം തരാം ,അങ്ങനെ ടീച്ചർ അവനെ കൂടുതൽ അടുത്തറിഞ്ഞു, എല്ലാദിവസവും അവനുമായി ടീച്ചർ സംസാരിക്കുകയും അവൻെറ വിഷമങ്ങൾ മാറ്റി കോടുക്കുകയും ചെയ്യുമായിരുന്നു.അങ്ങനെ ടീച്ചറിന് ഏറ്റവും ഇഷ്ട്ടപ്പെട്ട കുട്ടിയായി ഫാസിൽ മാറി.ഫാസിലിനും ടീച്ചറെ വളരെ അധികം ഇഷ്ട്ടപ്പെട്ടു.

അങ്ങനെ ഒരു ദിവസം ടീച്ചർ ക്ലാസ്സിൽ വന്ന് പറഞ്ഞു,ഞാൻ നിങ്ങൾക്ക് ഇന്ന് കൂടിയെ ക്ലാസ്സ് എടുക്കൂ ..... നാളെ മുതൽ നിങ്ങൾക്ക് മറ്റൊരു ടീച്ചറാണ്
വരാൻ പോകുന്നത് എനിക്ക് മറ്റൊരു സ്കൂളിലേക്ക് ട്രാൻസ്ഫർ കിട്ടിയിട്ടുണ്ട്, എനിക്ക് നിങ്ങളെ വിട്ട് പോകാൻ ഇഷ്ട്ടമില്ലെങ്കിലും പോയെ പറ്റൂ......”

കുട്ടികൾക്കെല്ലാം വളരെയധികം സങ്കടമായി ചിലർ കരയാനും തുടങ്ങി. കുട്ടികൾ ഫാസിലിനോട് പറഞ്ഞു നീ പോയി പറഞ്ഞാൽ ചിലപ്പോൾ ടീച്ചർ കേട്ടേക്കും,ഫാസിൽ ഓടിപ്പോയി ടീച്ചറിനെ കെട്ടി പിടിച്ചുകൊണ്ട് പറഞ്ഞു ടീച്ചർ തീർച്ചയായും പോകണം എന്നെപ്പോലെ ധാരാളം കുട്ടികൾ ഒറ്റപ്പെട്ടിരിക്കുന്നുണ്ടാകും
അവർക്കൊക്കെ ടീച്ചറിനെ ആവശ്യമാണ്. എൻെറ വിഷമങ്ങൾ തീർത്ത് തന്നതുപോലെ, എനിക്കൊരു നല്ല ഭാവി കാണിച്ച് തന്നതു പോലെ ഇനിയും ഇരുട്ടിലകപ്പെട്ട് പോയ കുട്ടികളെ വെളിച്ചത്തിലേക്കെത്തിക്കണം.
സങ്കടം ഉണ്ടെങ്കിലും
ചിരിച്ചുകൊണ്ട്,നിറകണ്ണുകളോടെ
ടീച്ചർ സ്കൂൾ വിട്ട് പോകുന്നതും നോക്കി ഫാസിൽ അവിടെത്തന്നെ നിന്നു........





തമന്ന എം.എൻ

IX B

# ഊട്ടിയിലേക്കൊരു യാത്ര

യാത്രാവിവരണം

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു. ഇത്തവണത്തെ ക്രിസ്തുമസ് അവധിക്കാണ് ടി വിയിലും യൂട്യൂബിലും മാത്രം കണ്ടിരുന്ന ഊട്ടിയിലേക്ക് ഒരു യാത്ര പോയത് . ഞാനും എന്റെ കുടുംബവും ബന്ധുക്കളും ഉൾപ്പടെ ഒരു ഇന്നോവ കാറിലായിരുന്നു. ഞങ്ങൾ ഡിസംബർ ഇരുപത്തിയഞ്ചിന് പുലർച്ചെ നാലു മണിക്ക് ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടത്. ഞാൻ കാറിന്റെ ജനാലയ്ക്കരികെ തന്നെ സീറ്റ് പിടിച്ചു. എല്ലാവരും സ്വെറ്ററും മറ്റു കമ്പിളി കുപ്പായങ്ങൾ കയ്യിൽ കരുതിയിരുന്നു . എട്ടു മണിയായപ്പോൾ ഞങ്ങൾ പോകുന്ന വഴിയരികിലെ ഒരു ഹോട്ടലിൽ പ്രാതൽ കഴിക്കാൻ കയറിയിരുന്നു. അതിനുശേഷം യാത്ര വിണ്ടും ആരംഭിച്ചു ഗ്ഗൂഡല്ലൂർ പട്ടണം പിന്നിട്ട ഞങ്ങൾ ആദ്യം എത്തിച്ചേർന്നത് മനോഹരമായ ഒരു വ്യൂ പോയൻറിലൽ ആയിരുന്നു. റോഡിൽ നിന്നും മലയുടെ ചെരുവിലൂടെ സാഹസികമായി കുറച്ചു നടക്കേണ്ടി വന്നെങ്കിലും ഞങ്ങക്ക് അത് ഒരു മനോഹരമായ കാഴ്ചയായിരുന്നു അവിടെ പ്രകൃതി ഒരുക്കി വെച്ചിരുന്നത്. നാലു ഭാഗത്തും മനോഹരമായ കാഴ്ചകൾ. ഗൂഡല്ലൂർ പട്ടണത്തിന്റെ ആകാശ കാഴ്ച്ച,ഞങ്ങളെ പേടിപ്പെടുത്തുന്ന അഗാധമായ കൊക്ക,ഞങ്ങളെ നോക്കി ചിരിക്കുന്ന വലിയ കൊടുമുടികൾ ഇതെല്ലാമായിരുന്നു ഞങ്ങൾ അവിടെ കണ്ടത്. വീണ്ടും ഞങ്ങൾ യാത്ര തുടർന്നു. മനോഹരമായ പൈൻ മരങ്ങൾളക്കിടയിലൂടെ വളഞ്ഞു പിരിഞ്ഞ ചുരങ്ങൾ കയറി കാർ മുന്നോട്ട് നീങ്ങുമ്പോൾ തണുപ്പ് കൂടി കൂടി വരുന്നതായി എനിക്ക് അനുഭവപ്പെട്ടു. പിന്നീട് ഞങ്ങളെത്തിച്ചേർന്നത് ഊട്ടിയിലെ ഷൂട്ടിംഗ് കുന്നിലായിരുന്നു . എത്രയോ സിനിമ പാട്ടുകളിൽ കണ്ട ആ കുന്നിൽ സന്ദർശകരുടെ ഒഴുക്കായിരുന്നു. കുന്നിനു മുകളിലും ചെരുവിലുമായി ഞങ്ങൾ നടക്കുകയും ഫോട്ടോകൾ എടുക്കുകയും ചെയ്തു. കുന്നിൻ ചെരുവിൽ കുതിര സവാരിയിൽ ഏർപ്പെടുന്ന പലരെയും അവിടെ കണ്ടിരുന്നു. ഷൂട്ടിംഗ് കുന്നിൽ നിന്നും താഴ്വാരങ്ങളുടെ കാഴ്ചയിൽ നിന്നും പിന്നെ ഞങ്ങൾ പോയത് ഉച്ച ഭക്ഷണത്തിനായിരുന്നു. കാറിലിരുന്ന് നാട്ടിൽ നിന്ന് കൊണ്ടു വന്ന ബിരിയാണി കഴിച്ചശേഷം ഞങ്ങൾ യാത്ര തുടർന്നു. അവിടെ തടാകക്കരയിൽ പലവിധ വിനോദങ്ങളിലും കാഴ്ചകളിലും ബോട്ട് സവാരിയിലും ഞങ്ങൾ ഏർപ്പെട്ടു. അവിടുത്തെ ചെറിയ തീവണ്ടിയിൽ തടാകക്കരയിലൂടെയുള്ള യാത്ര ഞങ്ങളെല്ലാവരും ആസ്വദിച്ചു. തടാക കായലിലെ ഷോപ്പിംഗ് അടക്കം മണിക്കുറുകൾ അവിടെ ചിലവഴിച്ച ഞങ്ങൾ പിന്നെ പോയത് ഊട്ടിയിലെ പ്രശസ്തമായ തേയില കമ്പനി കാണുവാൻ ആണ്. കുന്നിൻ

മുകളിലുള്ള കമ്പനിയിലേക്കുള്ള യാത്ര അൽപ്പം സാഹസം ആയിരുന്നു. ചായപ്പൊടി നിർമ്മാണത്തിൻെറ വിവിധ ഘട്ടങ്ങൾ ഞങ്ങൾ നടന്നു കണ്ടു.അതീവരുചികരമായ ചായയും ഞങ്ങൾക്ക് അവിടെ നിന്നും കിട്ടി.വിവിധ രുചികളിലുള്ള ചായപ്പൊടികൾ അവിടെ വില്പനക്ക് വെച്ചിരുന്നു. ഞങ്ങളവിടെ നിന്നും ചായപ്പൊടികൾ വാങ്ങിയിരുന്നു .ഊട്ടിയിൽ ഏറ്റവും കുടുതൽ ആളുകളെ ആകർഷിക്കുന്ന ബോട്ടാണിക്കൽ ഗാർഡനിലേക്കാണ് തേയില കമ്പനിയിൽ നിന്നും മലയിറങ്ങി ഞങ്ങൾ പോയത്. അപ്പോഴെക്കും സമയം അഞ്ചു മണി കഴിഞ്ഞിരുന്നു. ഊട്ടിയുടെ തണുപ്പ് ഞങ്ങളിലേക്ക് ഇറങ്ങിവരുന്നു. അവിടുത്തെ ചെടികളും പൂക്കളും മരങ്ങളും പച്ചപ്പും സുന്ദരമായ കാഴ്ച്ചയായിരുന്നു. അവിടെ നിന്നും ഞങ്ങൾ കുറെ ഫോട്ടോ എടുത്തു . തണുപ്പിൻെറ കാഠിന്യം കൊണ്ട് ഞങ്ങൾ വേഗം വീട്ടിലേക്ക് യാത്ര തിരിച്ചു. രാത്രി പന്ത്രണ്ടു മണിയായപ്പോഴേക്കും ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി. നല്ലൊരു യാത്രാനുഭവമായിരുന്നു.









അനഘ എസ്

IX B





# നന്ദി...